" ഭരണ ഭാഷ-മാതൃഭാഷ "

നഗരകാര്യ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ ഒന്നാംനില
നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം
E-mail id:duatvpm@gmail.com
Phone:0471-2-318896

**നമ്പർ: DC1/26/21** **തീയതി – 18.05.2021**

പ്രേഷകൻ

നഗരകാര്യ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എല്ലാ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും

സർ,

വിഷയം:- നഗരകാര്യ വകുപ്പ്- വിഷയം- കോവിഡ് 19 - രണ്ടാം തരംഗം - നഗരസഭകളിൽ നിന്ന് നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ - രോഗ നിയന്ത്രണ പ്രതിരോധ നടപടികൾ-തുടർ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന:- 14.05.2021 ന് ചേർന്ന സംസ്ഥാന തല തദ്ദേശ വാർ ഗ്രൂപ്പിന്റെ യോഗ തീരുമാനങ്ങൾ

സൂചന യോഗ തീരുമാനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ മരണ സർട്ടിഫിക്കറ്റുകൾ എത്രയും വേഗം ബന്ധുക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ എല്ലാ നഗരസഭാ സെക്രട്ടറിമാരും സ്വീകരിക്കേണ്ടതാണ്. ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച്, ജനന-മരണ ചീഫ് രജിസ്ട്രാറുടെ 15 .05 .2021 തീയതിലെ PAN / 5771/ 2020-B1 (DP ) സർക്കുലർ പ്രകാരമുള്ള ഇളവുകൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. നഗരസഭകളിൽ രൂപീകരിച്ചിട്ടുള്ള വാർഡ് സമിതികളുടെ പ്രവർത്തനം ശരിയായി നടപ്പാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. ഓരോ വാർഡിലും നിരീക്ഷണത്തിൽ ഉള്ളവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.
3. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നിയമിച്ചു നൽകുന്ന ഉദ്യോഗസ്ഥരുടെ സേവനങ്ങൾ വാർഡ്തല സമിതികളുടെ ശരിയായ പ്രവർത്തനത്തിനും ഏകോപനത്തിനും ഉപയോഗിക്കേണ്ടതാണ്.
4. വാർഡുകളിൽ നിയമിക്കുന്ന ഓരോ ഉദ്യോഗസ്ഥനും സന്നദ്ധ പ്രവർത്തകൻമാർക്കും അവരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകേണ്ടതാണ്. കൂടുതൽ സന്നദ്ധ പ്രവർത്തകർ വരുന്ന സാഹചര്യത്തിൽ അവരെ ഷിഫ്റ്റ്/ റൊട്ടേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിന് അനുവദിക്കേണ്ടതാണ്.
5. കോവിഡ് പോസിറ്റീവായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവരുടെ വിവരങ്ങൾ ഫോണിലൂടെ കൃത്യമായ ഇടവേളകളിൽ അന്വേഷിക്കേണ്ടതും അവർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.
6. എല്ലാ CFLTC /CSLTC/ DCC കളിലും ഓക്സിജൻ ലഭ്യത ഉറപ്പാക്കേണ്ടതാണ്.
7. കോവിഡ് വാക്സിനേഷൻ ലഭിക്കുന്നതിനുള്ള മുൻനിര പോരാളികളുടെ കൂട്ടത്തിൽ കമ്മ്യൂണിറ്റി കിച്ചനിലും ജനകീയ ഹോട്ടലിലും പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കുന്നു എന്ന് എല്ലാ നഗരസഭാ സെക്രട്ടറിമാരും മേഖലാ ജോയിന്റ് ഡയറക്ടർമാരും ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

ഡോ. ഉമ്മുസെൽമ സി (ചുങ്കത്ത്)
ജോയിന്റ് ഡയറക്ടർ (ആരോഗ്യം)
നഗരകാര്യ ഡയറക്ടർക്ക് വേണ്ടി

POCO
SHOT ON POCO M2 PRO